# മാ നിഷാദ!



മിഴിപൂട്ടിയ കൊച്ചു
താരകൾ തളർന്നു വീ-
ണുറങ്ങും നീലാകാശം
മുകളിൽ. താഴത്തേതോ

നഷ്ട സൗഭാഗ്യത്തിൻെറ
ജഡമായ് ജീർണ്ണിച്ചതാം
ഇച്ചിതൽപ്പുന്നിന്നുള്ളിൽ
ധ്യാനമഗ്നനായ് ഞാനും.

മഞ്ഞല മൂടും കുന്നിൻ
താഴ്വരത്തടങ്ങളിൽ
ഇന്നലെ യുറങ്ങാതെ-
യേകനായലഞ്ഞു ഞാൻ.

താമര മൊട്ടിന്നുഗ്ര
തപസ്സും വിടരുന്ന
സൂര്യകാന്തി തൻ രാഗോ-
ജ്ജ്വല ഭാവവും നോക്കി

ചൈത്ര മാസത്തിൻ രഥ-
ചക്രങ്ങളുരുണ്ടുപോം
പൂത്ത പൂവനങ്ങളി-
ലേകനായലഞ്ഞു ഞാൻ.

ശാരദ രജനികൾ
കാവൽ നിന്നപ്പോൾ, മധു-
മാസ ചന്ദ്രിക നൃത്ത
ലോലയയണഞ്ഞപ്പോൾ

ഇരുൾ മൂടിയ കൊച്ചു
ചന്ദനക്കാവിൽ തന്നെ-
യിരുന്നു; ചുറ്റും വളർ-
ന്നുയർന്നു ചിതൽനാളം.

പൂവുകൾ വിരിഞ്ഞതും
തളിരാർന്നതും, മുള–
കാവുകൾ പലവട്ടം
ഞാനറിഞ്ഞതേയില്ല.

ആതിരപ്പൂലരിക–
ളീ വഴി തൊഴാനായി–
ട്ടാദര പൂർവം വന്നു
നിന്നതുമറിഞ്ഞില്ല.

ഇച്ചിതൽപ്പുറ്റിന്നുള്ളിൽ
നിന്നു ഞാനെഴുന്നേറ്റു
നിൽക്കുന്നു; മിഴികൾക്കു
മുന്നിലെന്തൊരു വെട്ടം!

ഇരുൾ മാറുന്നു മെല്ലെ
നിഴൽ നീങ്ങുന്നു; മുന്നി–
ലുയരുന്നല്ലോ പുതു
ചക്രവാളത്തിൻ ദീപ്തി.

വിടരും പ്രകാശത്തിൻ
കിരണങ്ങളേ! കുഞ്ഞു
മലരിൻ കവിളത്തു
മുത്തുവോരല്ലോ നീങ്ങൾ.

പുലരിത്തുടുപ്പിലെൻ
കരളിൻ തുമ്പിൽപ്പൂത്തു
വിരിയും കിനാവിൻെറ
കൂട്ടുകാരല്ലോ നിങ്ങൾ.

വന്നു നിൽക്കുന്നു ഞാനീ–
ഗോപുര കവാടത്തി–
ലിന്നിതാ വെളിച്ചത്തിൻ
രാജവീഥി തൻ വക്കിൽ.

തങ്ങളിൽ മുട്ടിച്ചേർന്നു
കൊക്കുരുമ്മുന്നു രണ്ടു
കുഞ്ഞിണക്കിളികളി–
ന്നാമരക്കൊമ്പിൻ തുമ്പിൽ.

ഉന്നവും നോക്കിക്കൊണ്ടു
നിൽക്കുകയല്ലോ താഴെ–
പ്പിന്നെയുമിന്നും മന്നി–
ലന്നത്തെ നിഷാദനും.

നിങ്ങൾ തൻ ദുഃഖത്തി–
ലിന്നെൻെറ ചേതനയൊരു
മൺചരാതിലെ ദ്വീപ–
നാളമായ്ത്തീരും മുമ്പേ

പോവുക, ചിറകടി–
ച്ചാഞ്ഞു പോവുക വേഗം
മാറത്തു കൂരമ്പേറ്റു
താഴെ വീഴ്‌വതിൻ മുമ്പേ.

' മാ നിഷാദ! യെന്നോതി–
യിന്നുമെൻ മനസ്സിൻെറ
കാനന പഥങ്ങളി–
ലൊരു താപസൻ നില്പു. ■